**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-18 സാമ്പത്തിക വർഷം മുതൽ (1/4/2017 മുതൽ) പി.എം.എ.വൈ (ജി) ഭവന പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) പ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റുമായി ഏകീകരിച്ച് ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ഡി ഡി ) വകുപ്പ്

**സ.ഉ.(സാധാ) നം./640/2018/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 07/03/2018

പരാമർശം:- 1. 13/10/2017-ലെ സ.ഉ.(എം.എസ്) നം. 202/17/ത.സ്വ.ഭ.വ

2. 23-11-2017-ലെ സ.ഉ.(സാധാ) നം. 3768/17/ത.സ്വ.ഭ.വ

3. 30-11-2017-ലെ സ.ഉ.(സാധാ)നം.3875/2017/ത.സ്വ.ഭ.വ

4. ഗ്രാമവികസന കമ്മീഷണറുടെ 16-02-2018-ലെ 6892/H&T 1/2017/CRD നമ്പർ കത്ത്

**ഉത്തരവ്**

2015-16 സാമ്പത്തിക വർഷം വരെ ഏത് ഭവന പദ്ധതിയിൽ ആരംഭിച്ച വീടുകളാണെങ്കിലും പണി തീരാത്ത വീടുകളുടെ പൂർത്തീകരണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ളവർക്ക് യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി നിജപ്പെടുത്തിയും, നൽകാനുള്ള ബാക്കി തുകയുടെ ആനുപാതിക വർദ്ധനവ് നൽകുന്നതിന് അനുമതി നൽകിയും പരാമർശം-1 പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പരാമർശം-2 പ്രകാരം 2016-17 വർഷത്തിൽ (31-03-2016-നും 31-03-2017-നും ഇടയിൽ) പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് വീട് പണി പൂർത്തീകരിക്കുവാൻ കൂടുതൽ ധനസഹായം ആവശ്യമുണ്ടെങ്കിൽ പരാമർശം-1-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അധിക ധനസഹായം അനുവദിച്ച് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

3. 2017-18 സാമ്പത്തിക വർഷം മുതൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം-മത്സ്യബന്ധന മേഖലയിലുള്ളവർ എന്നിവർക്ക് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE MISSION) പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയാക്കുന്നതിന് പരാമർശം-3 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിൻറെ അടിസ്ഥാനത്തിൽ നൽകുന്നതിനും അനുമതി

നൽകിയിട്ടുണ്ട്. 2016-2017 വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക വർധനവ് നൽകുന്നതിനും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിൻറെ അടിസ്ഥാനത്തിൽ നൽകുന്നതിനും ടി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

4. പരാമർശം 3 ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ പി.എം.എ.വൈ (ജി) ഭവന പദ്ധതിയിൽ നൽകുന്ന വീടുകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് സംബന്ധമായ വിഷയങ്ങൾ ഒഴിവാക്കുന്നതിനായി ടി ഉത്തരവിൽ പി.എം.എ.വൈ (ജി) ഭവനങ്ങളെ പ്രത്യേകമായി സൂചിപ്പിച്ചും യൂണിറ്റ് കോസ്റ്റ് വർധനവിന് 1/4/2017 മുതൽ പ്രാബല്യം നൽകിയും ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ(ജി) പദ്ധതിയിൽ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടുന്ന സാഹചര്യം പരിഗണിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ (1/4/2017 മുതൽ) പി.എം.എ.വൈ (ജി) ഭവന പദ്ധതി പ്രകാരം നൽകുന്ന വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ) പ്രകാരമുള്ള ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റുമായി ഏകീകരിച്ച് ഉത്തരവാകുന്നു.

6. പാർപ്പിടാവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി മുൻകാലങ്ങളിൽ മാറിയ തുക ഇപ്പോൾ പ്രസ്തുത ആവശ്യത്തിന് വേണ്ട എങ്കിൽ ടി തുക യുടെ വിവരങ്ങൾ ലൈഫ് മിഷനിൽ ലഭ്യമാക്കി സർക്കാർ അംഗീകാരം വാങ്ങി ലൈഫ് പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A AJITH KUMAR
#ApprovedByDesignation#

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയരക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയരക്ടർ , തിരുവനന്തപുരം
ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.03. 10:40:59
IST
Reason: Approved
സെക്ഷൻ ഓഫീസർ